പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6296 31/10/2011 ൽ മറുപടിയ്ക്ക്

# വൈകല്യനിർണ്ണയ ക്യാമ്പ് മുഖേന വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

**ചോദ്യം** **ഉത്തരം**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :
ശ്രീ.കെ.എം. ഷാജി :

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വൈകല്യനിർണ്ണയ മെഡിക്കൽ ക്യാമ്പ് മുഖേന എത്ര വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്; ഇതിനായി എന്തു തുക ചെലവായി; | (എ) 2010-11 സാമ്പത്തിക വർഷത്തിൽ 2,00,774 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. ഇതിനായി 6.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2011 ഓഗസ്റ്റ് മാസം മുതൽ ബ്ലോക്ക്തലത്തിൽ ക്യാമ്പ് നടത്തി വരുന്നു. 110 ക്യാമ്പുകളിലൂടെ 21,000 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. ഇതിലേയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട് . |
| (ബി) ക്യാമ്പ് സംഘടിപ്പിക്കും മുമ്പ് സംസ്ഥാനത്തെ വികലാംഗരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിവിധ വിഭാഗങ്ങളിലായി എത്ര വികലാംഗരുണ്ടെന്നതിന്റെ കണക്ക് ഇനം തിരിച്ച് നൽകാമോ; | (ബി) ഇല്ല. 2001 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 8.60 ലക്ഷം വിലാംഗരുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) മുമ്പ് വികലാംഗക്ഷേമ കോർപ്പറേഷൻ, വികലാംഗ കമ്മീഷണറേറ്റ് എന്നിവ മുഖേന തിരിച്ചറിയൽ കാർഡ് നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു കാർഡ് കൈവശമുള്ളവർക്ക് വീണ്ടും കാർഡ് നൽകിയിട്ടുണ്ടോ; | (സി) വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വികലാംഗ ID കാർഡ് നൽകിയിട്ടില്ല. സാമൂഹ്യക്ഷേമ വകുപ്പ്, വികലാംഗ കമ്മീഷണറേറ്റ് എന്നിവ മുഖേന 2009 വരെയുള്ള കാലയളവിൽ 1,34,000 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. കാർഡ് കൈവശമുള്ള വർക്ക് വീണ്ടും കാർഡ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചു, എവിടെയെല്ലാം; ഓരോ ക്യാമ്പിലും എത്രപേർ വീതം പങ്കെടുത്തു; അവരിൽ എത്രപേർക്ക് വീതം കാർഡ് നൽകി എന്നീ വിവരങ്ങൾ നൽകാമോ; | (ഡി) 2010 -11 കാലയളവിൽ 14 ജില്ലകളിലുമായി പ്രാദേശികതലത്തിൽ 1040 ക്യാമ്പുകൾ സംഘടിപ്പിച്ച് 2,00,774 പേർക്ക് ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. |
| (ഇ) ഒരു തിരിച്ചറിയൽ കാർഡ് നൽകാൻ ശരാശരി എന്തു തുക ചെലവായി; ഈ കാർഡ് എന്തിനെല്ലാം ഉപയോഗപ്പെടുത്താം? | (ഇ) ഒരു കാർഡിന് 303/- രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വികലാംഗർക്കായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പൊതു ആധികാരിക രേഖയായി തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും ഉപയോഗിക്കാവുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ